## ജീവന്റെ വശം

**I. കർത്താവിന്റെ സാക്ഷ്യത്തിനായി കന്യകയുടെ ജീവിതം നയിക്കാൻ നാം പ്രാപ്തരാകേണ്ടതിന്, ജീവനുവേണ്ടി, നമുക്ക് എണ്ണ, ദൈവത്തിന്റെ ആത്മാവ്, അവന്റെ നിറവ് തന്നെ ആവശ്യമാണ്**

- തങ്ങളുടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്ത വിവേകമുള്ള കന്യകമാർ ആയിരിക്കണം
  - രാജ്യ ജനമായ വിശ്വാസികൾ നിർമല കന്യകമാരെ പ്പോലെയാണ്, അവർ ഇരുണ്ട യുഗത്തിൽ കർത്താവിന്റെ സാക്ഷ്യം (വിളക്ക്) വഹിക്കുകയും കർത്താവിനെ എതിരേൽക്കുവാൻ ലോകത്തിൽ നിന്ന് പുറത്തേക്ക് പോകുകയും ചെയ്യുന്നു; ഇതിനായി അവർക്ക് പരിശുദ്ധാത്മാവിന്റെ ഉൾവാസം മാത്രമല്ല നിറവും ആവശ്യമാണ്.
  - വിളക്കുകൾ വിശ്വാസികളുടെ ആത്മാവിനെ സൂചിപ്പിക്കുന്നു, അതിൽ ദൈവത്തിന്റെ ആത്മാവ് എണ്ണയായി അടങ്ങിയിരിക്കുന്നു
  - അവരുടെ വിളക്കുകളിൽ എണ്ണ ഉണ്ടെന്നത് അർഥമാക്കുന്നത് അവരുടെ ആത്മാവിൽ ദൈവത്തിന്റെ ആത്മാവ് വസിക്കുന്നു എന്നാണ്;
  - അവർ തങ്ങളുടെ പാത്രങ്ങളിൽ എണ്ണ എടുക്കുന്നു എന്നത് അവരുടെ ദേഹിയെ നിറയ്ക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ആത്മാവ് അവർക്കുണ്ടെന്ന് സൂചിപ്പിക്കുന്നു
  - വാങ്ങിക്കൊള്ളുവിൻ എന്ന വാക്ക് ഒരു വില നൽകണമെന്ന് സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുന്നത് വില നൽകുന്നതിലൂടെയാണ്

- ആത്മാവിനെ പൊൻതൈലമായി വാങ്ങുന്നതിന് വില നൽകുവാനുള്ള മാർഗം
  1. കർത്താവിന്റെ പരമമായ ബഹുമൂല്യതയെ കാണണം എല്ലാറ്റിനുമുപരിയായി നാം അവനെ സ്നേഹിക്കണം
  2. ക്രിസ്തു നിമിത്തം എല്ലാം നഷ്ടമെന്ന് എണ്ണണം
  3. ഒരു പുതിയ തുടക്കം ഉണ്ടാകേണ്ടതിന് നാം എല്ലാ ദിവസവും അതിരാവിലെ വചനത്തിൽ കർത്താവിനെ ആസ്വദിക്കണം
  4. നാം നമ്മുടെ പാപങ്ങളോട് സമഗ്രമായ് ഇടപെടണം
  5. നാം കർത്താവുമായുള്ള കൂട്ടായ്മയിൽ നാൾതോറും, നാഴികതോറും വസിക്കണം
  6. ദൈവത്തിന്റെ വിശുദ്ധ വചനത്താൽ നാം സാന്ദ്രീകരിക്കപ്പെടുകയും കുതിർക്കപ്പെടുകയും വേണം
  7. പ്രാർഥനാ ജീവിതത്തിനായി ഉണർന്നിരുന്ന്, ജാഗരൂകരായിരിക്കണം
  8. അന്യോന്യം സംസാരിച്ചും, എല്ലാറ്റിനും വേണ്ടി എപ്പോഴും കർത്താവിനു സ്തോത്രം ചെയ്തും, ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടുംകൊണ്ട് ആത്മാവിൽ നിറപ്പെടണം
  9. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാതെ പകരം, കേൾക്കുന്നവർക്ക് കൃപ നൽകുന്നതിന് നാം കൃപയുടെ വാക്കുകൾ സംസാരിക്കണം
  10. ആത്മാവിനെ കെടുത്തരുത് പകരം, നാം എപ്പോഴും സന്തോഷിക്കുകയും ഇടവിടാതെ പ്രാർഥിക്കുകയും എല്ലാത്തിലും സ്തോത്രം ചെയ്യുകയും വേണം
  11. അതിനൊത്തവണ്ണം ആയിരിക്കുകയും ഇഴുകിച്ചേർന്ന ആത്മാവിനൊത്തവണ്ണം ആയിരിക്കണം
  12. ക്രിസ്തുവിന്റെ ശരീരത്തിന്റെ സഹായമെന്ന നിലയിൽ, യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താൽ നിറയപ്പെടണം

## സേവനത്തിന്റെ വശം

**II. കർത്താവ് ചെയ്യാൻ ഉദ്ദേശിക്കുന്നത് നിറവേറ്റാൻ ഒരു നല്ല അടിമയായി സജ്ജരാക്കപ്പെടേണ്ടതിന് സേവനത്തിന് അഥവാ വേലയ്ക്ക്, നമുക്ക് താലന്ത് അഥവാ ആത്മിക വരം ആവശ്യമാണ്**

- അടിമകൾ വിശ്വാസികളെ സേവനത്തിന്റെ വശത്തുനിന്ന് വീക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു
- അവന്റെ വസ്തുവകകൾ ദൈവത്തിന്റെ ഭവനക്കാരെ സൂചിപ്പിക്കുന്നു
- താലന്തുകൾ ആത്മിക വരങ്ങളെ സൂചിപ്പിക്കുന്നു;
- ജീവനിലുള്ള ആത്മാവിന്റെ നിറവ്, സേവനത്തിൽ (വേലയിൽ) ആത്മിക വരം ഉപയോഗിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു;
- അടുത്ത യുഗത്തിൽ നാം നമ്മുടെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്ന നല്ലവരും വിശ്വസ്തരുമായ അടിമകൾ ആകണം
- ഈ യുഗത്തിൽ നാം കർത്താവിന്റെ വരത്തെ ഉപയോഗിക്കണം
- കർത്താവിനെ സേവിക്കുവാനുള്ള നമ്മുടെ ആന്തരിക പ്രചോദനം അവനോടുള്ള നമ്മുടെ സ്നേഹമാണ്
- നമ്മുടെ കർത്തൃസേവ എപ്പോഴും അനുഗ്രഹത്തിന്റെ ഉറവിടമെന്ന നിലയിൽ അവനിൽനിന്ന് പുറപ്പെടുകയും, ഉപാധിയും ശക്തിയുമെന്ന നിലയിൽ അവനിലൂടെ ആയിരിക്കുകയും, അവന്റെ മഹത്വത്തിനായി അവനിലേക്കും ആയിരിക്കുകയും വേണം
- ശരീരത്തിലെ അവയവങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ ആലോചന അനുസരിച്ച് നമ്മുടെ മുഴു ആളത്തംകൊണ്ടും കർത്താവിനെ നാം സേവിക്കണം
- ക്രിസ്തുവിനെ മറ്റുള്ളവർക്ക് സേവിച്ചുകൊണ്ടും ക്രിസ്തുവിനെ കൃപയായി അവർക്ക് ശുശ്രൂഷിച്ചുകൊണ്ടും സഭയെ കെട്ടുപണി ചെയ്യുവാൻ കർത്താവിന്റെ വരത്തെ നാം ഉപയോഗിക്കണം
  - അധ്വാനിക്കുന്ന പുരോഹിതന്മാരായി സേവിക്കണം

- നമ്മുടെ വേലയും അധ്വാനവും നമ്മുടെ സ്വാഭാവിക ജീവനാലും സ്വാഭാവിക കഴിവിനാലും അല്ല, അത് കർത്താവിന്റെ പുനരുത്ഥാന ജീവനാലും ശക്തിയാലുമാണ്; ദൈവത്തോടുള്ള നമ്മുടെ സേവനത്തിൽ പുനരുത്ഥാനമാണ് നിത്യതത്ത്വം
  - നാം നമ്മുടെ അവസാനത്തിലേക്ക് വരണം

- നമ്മുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കണം